(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരളാ കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമതു റിപ്പോർട്ട്.

ശ്രീ. രാജു എബ്രഹാം : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു)

അനൗദ്യോഗിക പ്രമേയങ്ങളുടെയും ബില്ലുകളുടേയും അവതരണം സംബന്ധിച്ച്.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളുടെ വിഷയത്തിലേക്ക് വരുന്ന അവസരത്തിൽ ഒരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, ഈ സെഷനിൽ തന്നെ കഴിഞ്ഞ അനൗദ്യോഗിക ബില്ലുകളുടെ ദിവസം പ്രൊഫ. മീനാക്ഷി തമ്പാൻ ഇവിടെ കൊണ്ടു വന്ന ഒരു ബില്ലുണ്ട് - Code of Criminal Procedure Amendment Bill, 1996; ആ ബിൽ ഇവിടെ ചർച്ച ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പുമന്ത്രി തന്നെ അതേ സ്പിരിറ്റിൽ ഇവിടെ അംഗീകരിച്ചിരിക്കുന്നു. പിന്നെ അത് ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി, അതിന് ഭേദഗതി വേണമല്ലോ. എത്ര എമൗണ്ട് എന്നൊക്കെ നിശ്ചയിച്ച് ക്യാബിനറ്റിൽ വന്നു. ക്യാബിനറ്റ് അപ്രൂവ് ചെയ്തു. ലെജിസ്ലേച്ചറിന് കിട്ടി. ഇവിടെ പബ്ലിഷ് ചെയ്തിരിക്കുകയാണ്. പക്ഷേ നമുക്കത് ഈ സെഷനിൽ കൊണ്ടുവരാൻ നിവൃത്തിയില്ല. എന്നാലും.....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അതിന് പ്രസിഡന്റിന്റെ അനുവാദം വേണം. അത് കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്.

മി. സ്പീക്കർ : അതേ, അതിന്റെ കാലതാമസം മാത്രമേയുള്ളു. ഈ പത്താം നിയമസഭയെ സംബന്ധിച്ച് ഇത് ആദ്യത്തെ അനുഭവമാണ്. നല്ല ഒരു തുടക്കമാണ് കുറിച്ചിരിക്കുന്നത്. അത് ഇനിഷിയേറ്റു ചെയ്ത പ്രൊഫ. മീനാക്ഷി തമ്പാനെ ഞാൻ അഭിനന്ദിക്കുന്നു. നമ്മുടെ നിയമ വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു. അതു പറയുമ്പോൾ ഒരു കാര്യമുണ്ട്, നമ്മുടെ സ്വകാര്യ ബില്ലുകളെ സംബന്ധിച്ച് അത് സീരിയസ്സായി നമുക്ക് കൊണ്ടു വരുവാനും അത് പരിഗണിക്കാനും കഴിയണം, അതാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. സർക്കാർ അംഗീകരിക്കാവുന്ന തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ അത് പരിഗണിക്കണം. എങ്ങനെയാണ് അതിന്റെ പരിസമാപ്തി? അതെല്ലാം ഒരു ചടങ്ങു നിർവഹിക്കുന്ന രീതിയിൽ കൊണ്ടുവരിക. ഒബ്ജക്ട് ചെയ്യുക. ചടങ്ങിന് രണ്ടു വർത്തമാനം പറയുക അല്ലെങ്കിൽ ഉൾക്കൊള്ളുക ഇങ്ങിനെയൊക്കെ പറഞ്ഞാണല്ലോ പോകുന്നത്? അതിൽനിന്നുമൊക്കെ വ്യത്യസ്തമായിട്ട് ലെജിസ്ലേഷന്റെ ഭാഗമായിട്ടുതന്നെ സ്വകാര്യ ബില്ലുകളുടെ അവതരണത്തെയും അനന്തര നടപടികളേയും കാണുക എന്നതാണ് ആവശ്യം. ആ സ്പിരിറ്റ് ഉൾക്കൊണ്ടു കൊണ്ട് മുന്നോട്ടു പോയാൽ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ മെമ്പർമാർക്ക് നല്ല പങ്കു വഹിക്കാൻ കഴിയും. നമുക്ക് നല്ല റിസൾട്ടു കിട്ടും എന്നാണ് എനിക്ക് ഇതു സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, വളരെ കറക്ടായിട്ട് ഡ്രാഫ്ട് ചെയ്തതാണെന്നുണ്ടെങ്കിൽ, വളരെ റിലവെന്റാണെന്നുണ്ടെങ്കിൽ ഒരു പ്രൈവറ്റ് മെമ്പറുടെ ബിൽ in totality accept ചെയ്യുന്നതിനുപോലും നിയമപരമായി തടസ്സമൊന്നുമില്ല.

ശ്രീ. കെ.സി. ജോസഫ് : സർ, അങ്ങു പറഞ്ഞത് വളരെ സ്വാഗതാർഹമാണ്. ആദ്യമായിട്ടാണ് സഭയിൽ ഒരു സ്വകാര്യ മെമ്പറുടെ ബില്ലിന്റെ ആ പ്രിൻസിപ്പിൾസ് അംഗീകരിച്ച് നടപടിയാകുന്നത്. അങ്ങുപറഞ്ഞതുപോലെ എനിക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത് - ഇപ്പോൾ നമ്മുടെ സ്വകാര്യ മെമ്പറുടെ ബില്ലുകൾ അവതരിപ്പിക്കുന്ന സ്റ്റേജിൽ തന്നെ ഒപ്പോസ് ചെയ്യപ്പെട്ടു പോവുകയാണ്. ആ സ്റ്റേജിനപ്പുറം കടന്നു പോകുന്നില്ല. ഈ കാര്യം സംബന്ധിച്ച് ഞാൻ ചെയർമാനായിരുന്ന അവസരത്തിൽ നമ്മുടെ കമ്മിറ്റി സ്റ്റഡി ചെയ്തിട്ടുണ്ട്. റൂൾസ് മാറ്റാൻ വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണ്. അങ്ങ് ദയവായി ഈ ഇൻട്രൊഡക്ഷൻ സ്റ്റേജിൽത്തന്നെ ഒപ്പോസ് ചെയ്യാതെ ചർച്ചയ്ക്ക് അവസരമുണ്ടാകണം. ആ ബില്ലുകൾ പൂർണ്ണമായും ശരിയാണെങ്കിൽ അംഗീകരിക്കാമെന്ന് മന്ത്രി പറഞ്ഞു. അങ്ങനെ ശരിയാണെങ്കിൽപ്പോലും അംഗീകരിക്കാറില്ല. ഇവിടെയുള്ള പ്രിസിഡന്റ്സ് എന്താണ്? ഏതു ബിൽ വന്നാലും ശരി, ഗവണ്മെന്റിന് യോജിപ്പുണ്ടെങ്കിലും ആദ്യം ഞങ്ങൾ ഒപ്പോസ് ചെയ്യുകയാണെന്നു പറയും. അവിടെത്തന്നെ അത് നശിപ്പിക്കുകയാണ്. ആ കീഴ്വഴക്കമുണ്ടാകാതെ വെള്ളിയാഴ്ചകൾ യൂസ്ഫുൾ ആകാൻ വേണ്ടി അങ്ങ് ദയവായി ഇപ്പോൾ ചെയ്തതുപോലെ മുൻകൈയെടുത്ത് റൂൾസിൽ മാറ്റം വരുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ഒരൊറ്റക്കാര്യം എനിക്കു പറയാനുള്ളത് ഇതിന്റെ തീയതി ഒന്നു മാറ്റണമെന്നാണ്. അതിന്റെ പ്രായോഗിക ബുദ്ധിമുട്ടെന്നുപറഞ്ഞാൽ വെള്ളിയാഴ്ച ഒരു ചെറിയ സമയമാണ് അതിനു കിട്ടുന്നത്. യഥാർത്ഥത്തിൽ എം.എൽ.എ.മാർ വളരെ അദ്ധ്വാനിച്ച് മനസ്സിലാക്കി ബിൽ കൊണ്ടു വന്നാൽ - ഇപ്പോൾത്തന്നെ എന്റെ രണ്ടു ബില്ലുകൾ കിടക്കുകയാണ്. ഇതുവരെ അത് വെളിച്ചം കണ്ടിട്ടില്ല. അപ്പോൾ അതിനു സമയം കിട്ടുന്ന നിലയിൽ വെള്ളിയാഴ്ചയ്ക്കു പകരം വേറെ ഏതെങ്കിലും ആഴ്ചയിൽ അല്ലെങ്കിൽ സെഷനിലെ ഏതെങ്കിലുമൊരു ദിവസം, ഇതിനു കണ്ടെത്താൻ സാധിക്കുമോ കുറച്ചുകൂടി സമയം ഇതിനു കിട്ടുമോ എന്നകാര്യം കൂടി ഒന്നു പരിശോധിക്കണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, സ്പീക്കറും ബഹു. നിയമ വകുപ്പുമന്ത്രിയും വളരെ നല്ല ഒരു സമീപനമാണ് ഇപ്പോൾ പ്രൈവറ്റ് ബില്ലിനോട് എടുത്തിട്ടുള്ളത്. നേരത്തേ ഇവിടെ മറ്റു മെമ്പർമാർ ചൂണ്ടിക്കാണിച്ചതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ സ്വകാര്യ ബില്ലിനെ ഗവണ്മെന്റ് എതിർക്കും. ഗവണ്മെന്റ് തത്വത്തിൽ അംഗീകരിക്കുന്നുണ്ടെങ്കിൽപ്പോലും എതിർക്കുക, എന്നിട്ട് സ്വകാര്യ മെമ്പർമാരുടെ ബിൽ പിൻവലിക്കുക. അതേ ഉദ്ദേശത്തോടുകൂടി പിന്നീട് ആ ബിൽ അവതരിപ്പിക്കുക എന്ന സമീപനമാണുണ്ടായിരുന്നത്. കാരായ്മക്കുടിയാന്മാർക്കു വേണ്ടി ഞാൻ അവതരിപ്പിച്ച ബില്ലിനെ ഗവണ്മെന്റിനു വേണ്ടി എതിർത്തു. അവസാനം അതേ തത്വത്തോടുകൂടിയ, അതിലെ ഉള്ളടക്കത്തോടു കൂടിയ, ബിൽ ഗവണ്മെന്റിനു വേണ്ടി ബഹു. റവന്യൂ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച് പാസ്സാക്കി എടുത്തു. അതിൽനിന്നും ഗവണ്മെന്റ് മാറിയെന്നതിൽ അങ്ങേയറ്റം സന്തോഷമുണ്ട്. ഇതിന്റെ ഭാഗമായി കാലതാമസം വന്നു. ഇനിയെങ്കിലും ഗവണ്മെന്റ് ആദ്യമായി ഞങ്ങളെല്ലാം അവതരിപ്പിക്കുന്ന ബില്ലുകളെ എതിർക്കാതെ അതിന്റെ ഉള്ളടക്കം പരിശോധിച്ച്, ആ ഉള്ളടക്കത്തോട് ഗവൺമെന്റിന് യോജിക്കാവുന്നതാണെങ്കിൽ, ആ ഉള്ളടക്കമുള്ള ബില്ലിൽ ഗവണ്മെന്റിന് വേണമെങ്കിൽ മാറ്റങ്ങൾകൂടി നിർദ്ദേശിച്ചുകൊണ്ട് പാസ്സാക്കത്തക്ക വിധത്തിലുള്ള ഒരു സമീപനമെടുക്കണം. അതിന് ബഹു. സ്പീക്കർ കൂടി മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പാലോട് രവി</u> : സർ, പ്രൊഫ. മീനാക്ഷി തമ്പാന്റെ ബില്ലിലുണ്ടായ ആ അനുകൂല സാഹചര്യത്തിന് അങ്ങു കൂടി മുൻകൈ എടുത്തു, വകുപ്പുമന്ത്രിയും ക്യാബിനറ്റും അത് തീരുമാനിച്ചു. തത്വത്തിൽ അംഗീകരിച്ച സ്വകാര്യ ബില്ലുകൾ, ഞങ്ങൾ ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്നു എന്ന് ഗവണ്മെന്റ് സമ്മതിച്ച പല ബില്ലുകൾപോലും ഇവിടെ കൊണ്ടുവന്നിട്ടുണ്ട് ഇവിടെ ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞതു പോലെ അനൗദ്യോഗികാംഗങ്ങൾക്കു വേണ്ടിയുള്ള ഈ ദിവസം ആർക്കും വേണ്ടാത്ത ഒരു ദിവസമാക്കി മാറ്റാതെയിരിക്കാൻ അങ്ങ് ഈ സഭയിൽ നോക്കണം. അങ്ങിപ്പോൾ പ്രൊഫ. മീനാക്ഷി തമ്പാന്റെ ബിൽ അവതരിപ്പിക്കാൻ കാണിച്ചതു പോലുള്ള താല്പര്യം നിലനിർത്തണം. വെള്ളിയാഴ്ച ദിവസം ഇതു കൊണ്ടുവച്ച് ഒരു മണിക്കുറും തന്നാൽ ഇത് ആർക്കും വേണ്ടാത്ത ഒരു ദിവസമായി മാറുകയാണ്. ഈ സഭയിൽ എല്ലാവർക്കും ഒന്ന് ഫ്രീയായി ഇറങ്ങിപ്പോകാനുള്ള ദിവസമാണ്. അതുകൊണ്ട് ഈ ദിവസം മാറ്റി അംഗങ്ങൾക്കു വേണ്ടിയുള്ള നിയമം മറ്റൊരു ദിവസത്തേയ്ക്ക് ഉണ്ടാക്കിയെടുക്കാൻ അങ്ങ് ശ്രദ്ധിക്കണം.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, സ്പീക്കർ കാണിക്കുന്ന ഈ താല്പര്യത്തിന് പ്രയോജനം ഉണ്ടാകുന്നുണ്ട്. ഇപ്പോൾ പ്രൊഫ. മീനാക്ഷി തമ്പാൻ അവതരിപ്പിച്ച ബിൽ സംബന്ധിച്ച് ഗവണ്മെന്റും നിയമവകുപ്പുമന്ത്രിയും നടപടിയെടുത്തു എന്നു പറഞ്ഞു. സി.പി. ബാലൻ വൈദ്യർ പറഞ്ഞതു പോലെ ഇവിടെ സ്പോർട്സിൽ ഒരു സ്വകാര്യ ബില്ലായിട്ട് ഞാൻ അവതരിപ്പിച്ചതാണ്. ഇപ്പോൾ സെലക്ടുകമ്മിറ്റിയിലുണ്ട്. ചില ബില്ലുകൾ വരുന്നുണ്ട്. സമയബന്ധിതമായി ഇതിന്റെ സ്പിരിറ്റ് അംഗീകരിക്കുന്നതിന് കഴിയണം. ഞാൻ ഒരു പ്രശ്നം അവതരിപ്പിക്കുകയാണ്. കഴിഞ്ഞ 25-ാം തീയതി അനൗദ്യോഗിക ബില്ലുകൾ വന്ന ദിവസം എന്റെ ഒരു ബിൽ ഇവിടെ നോട്ടീസ് ചെയ്തു വന്നിരുന്നു. ഞാനന്ന് ആബ്സന്റായിരുന്നു. അതു ഞാൻ സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തി, മന്ത്രിയോടും പറഞ്ഞു. പക്ഷേ ആ ബിൽ ഞാൻ അവതരിപ്പിച്ച് ഇവിടെ ചർച്ച ചെയ്യേണ്ട ഒരു വിഷയത്തിൽ ഞാനില്ലാത്ത ദിവസം, ഞാൻ അറിയിച്ചിട്ടുകൂടി, ആ ബിൽ പിൻവലിച്ചു എന്ന് മന്ത്രി ഇവിടെ മറുപടി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതായി ഞങ്ങൾക്ക് ഇപ്പോൾ ഒരു സംഗ്രഹം കിട്ടിയിട്ടുണ്ട്. അതിൽ ആ ബിൽ സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചു എന്നാണ് പറയുന്നത്. ഞാൻ അവതരിപ്പിച്ചതല്ല, അത് പരിശോധിക്കണം.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, ഞാൻ ഈ നിയമസഭയിൽ അവതരിപ്പിച്ച സി.ആർ.പി.സി. യുടെ സെക്ഷൻ 125 അമെന്റു ചെയ്തിട്ടുള്ള ബിൽ വളരെ ഗൗരവമായി ഈ സഭ പരിഗണിക്കുകയും അത് ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും തന്നെ കൊണ്ടു വരാൻ തീരുമാനമെടുക്കുകയും ചെയ്തതിൽ എനിക്ക് വളരെ നന്ദിയും സന്തോഷവുമുണ്ട്. പക്ഷേ അതിന് വളരെയധികം സമ്മർദ്ദം അക്കാര്യത്തിലെടുത്തത് ബഹു. സ്പീക്കറാണെന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. പ്രതിപക്ഷത്തുനിന്നും അതിലേറെ സഹകരണവുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് എല്ലാവർക്കും ഞാൻ നന്ദി പറയുകയാണ്.

മി. സ്പീക്കർ : ഈ പറഞ്ഞ കാര്യങ്ങളും ശ്രീ. കെ.സി. ജോസഫ് കമ്മിറ്റി ചെയർമാനെന്നുള്ള നിലയിൽ വച്ചിട്ടുള്ള റിപ്പോർട്ടും നമ്മുടെ മുന്നിലുണ്ട്. ഇതിൽ ചില റൂളുകളിൽത്തന്നെ മാറ്റം വരുത്തേണ്ടതായിട്ടുണ്ടെന്ന് നമ്മുടെ നിയമ വകുപ്പുമന്ത്രി പറഞ്ഞു. ഇതെല്ലാം നമുക്ക് വീണ്ടുമൊരു പരിശോധന നടത്തിക്കൊണ്ട് കൂടുതൽ ഫലപ്രദമാക്കാൻ വേണ്ടി കാര്യങ്ങൾ ചെയ്യും. അടുത്ത ദിവസം വരുന്ന സന്ദർഭത്തിൽത്തന്നെ നമുക്ക് നടപടികൾ സ്വീകരിക്കാം. അതുപറയുമ്പോൾ തന്നെ സർക്കാർ ഇപ്പോൾ പറഞ്ഞ പല അഭിപ്രായങ്ങളും കേട്ടിരിക്കുന്നു. സർക്കാർ അത് മനസ്സിലാക്കിയിരിക്കുമെന്ന് കരുതുകയാണ്. പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയത്തക്ക നിലയിൽ പലതും കൊണ്ടു വന്നാൽ സ്വീകരിക്കാമെന്ന് നിയമവകുപ്പു മന്ത്രി പറഞ്ഞു. അല്ലെങ്കിൽപ്പോലും നമുക്കു വേണമെങ്കിൽ കമ്മിറ്റിക്കു വിടാമല്ലോ. അല്ലെങ്കിൽ വേണമെങ്കിൽ അതിനൊരു സെലക്ട് കമ്മിറ്റിയുണ്ടാക്കി വിടാം. അങ്ങനെയൊക്കെ പല സന്ദർഭങ്ങളുണ്ട്, സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളുമുണ്ട്. അതിനെത്തന്നെ സ്വീകരിച്ചു കൊണ്ട് അതിന്റെ തുടർച്ചയായി അതിനു മാറ്റം വരുത്തി അംഗീകരിക്കാവുന്ന ഒരു നല്ല അയവേറിയ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നാണ് ചെയറിന് ഇതു സംബന്ധിച്ച് പറയാനുള്ളത്. ആ രൂപത്തിൽ നമുക്കതിനെ മാറ്റിയെടുക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2000-ലെ കേരള സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറി (നിയന്ത്രണ) ബോർഡ് ബിൽ (ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 2000-ലെ കേരള സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറി (നിയന്ത്രണ) ബോർഡ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ മുമ്പ് ഈ സഭയിൽ പറഞ്ഞ ഒരു കാര്യം തന്നെയാണ് എനിയ്ക്ക് ഇപ്പോഴും പറയാനുള്ളത്. നമ്മുടെ ബഹു. മന്ത്രിമാർ ചുണ്ടിൽ തിരുകിവച്ച മറുപടിയുമായിട്ടാണ് ഇവിടെ വരുന്നത്. ഞങ്ങൾ എത്ര ഉത്തരവാദിത്വത്തോടുകൂടി അവതരിപ്പിക്കുന്ന ബില്ലാണെങ്കിൽപ്പോലും അതിനെയെല്ലാം എതിർക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ഞാൻ തന്നെ ഈ സഭയിൽ അവതരിപ്പിച്ച സ്വകാര്യ ആശുപത്രി (നിയ

LIBRARY ARCHIVES Kerala Legislative Assembly